പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1401 08.02.2013 -ൽ മറുപടിക്ക്

# റാന്നി മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) റാന്നി നിയോജക മണ്ഡലത്തിൽ ഏതൊക്കെ പൊതുമരാമത്ത് പ്രവൃത്തികളാണ് നിലവിൽ നടന്നു കൊണ്ടിരിക്കുന്നത് ; | കെട്ടിട വിഭാഗത്തിൽ താഴെ പറയുന്ന പണികൾ നിലവിൽ നടക്കുന്നു.<br>1. റാന്നി താലൂക്ക് ഹോസ്പിറ്റൽ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം<br>2. വെച്ചൂച്ചിറ പോളിടെക്നിക്കിലെ ഹോസ്റ്റൽ ബിൽഡിംഗിന്റെ നിർമ്മാണം<br>3. വെച്ചൂച്ചിറ പോളിടെക്നിക്കിലെ മുഖ്യ കെട്ടിടത്തിന്റെ നിർമ്മാണം<br>4. റാന്നി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ<br>5. സബ്ട്രഷറി, റാന്നിയിലെ പുനരുദ്ധാരണ പ്രവർത്തികൾ<br>6. റാന്നി ഇട്ടിയപ്പാറ പിൽഗ്രീം സെന്ററിന്റെ നിർമ്മാണം<br>നിരത്തുകളും പാലങ്ങളും<br>1. ബഡ്ജറ്റ് വർക്ക് ചേത്തയ്ക്കൽ-കൂത്താട്ടുകുളം റോഡിന്റെ പുനരുദ്ധാരണം, 4/600-9/000<br>2. ബഡ്ജറ്റ് വർക്ക് റാന്നി ബൈപ്പാസ് (ഒന്നാംഘട്ടം) റോഡിന്റെ പുനരുദ്ധാരണം<br>3. ഹെവി മെയിന്റനൻസ് (ലോങ്ങ് ടൈം) മണ്ണാറക്കുളഞ്ഞി-പ്ലാപ്പള്ളി റോഡിന്റെ അഭിവൃദ്ധിപ്പെടുത്തൽ കി.മീ.0/00-32/00.<br>4. ഹെവി മെയിന്റനൻസ് (ലോങ്ങ് ടൈം) പ്ലാപ്പള്ളി-ചാലക്കയം റോഡിന്റെ അഭിവൃദ്ധിപ്പെടുത്തൽ കി.മീ. 32/00-53/480<br>5. ഹെവി മെയിന്റനൻസ് (ലോങ്ങ് ടൈം) കണമല-ഇലവുങ്കൽ റോഡിന്റെ അഭിവൃദ്ധിപ്പെടുത്തൽ കി.മീ.0/00-9/910<br>6. പമ്പാ നദിക്കു കുറുകെ കണമല പാലത്തിന്റെ നിർമ്മാണം. |
| (ബി) അവയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ചും എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നത് സംബന്ധിച്ചും വിശദമാക്കുമോ ? | (ബി) 1. റാന്നി താലൂക്ക് ഹോസ്പിറ്റൽ ഒ.പി. ബ്ലോക്കിന്റെ സ്ട്രക്ചറൽ വർക്കുകൾ പൂർത്തിയായി. ഫിനിഷിംഗ് വർക്കുകളും, പ്ലംബിംഗ് വർക്കുകളും ഇലക്ട്രിക്കൽ വർക്കുകളും പുരോഗമിക്കുന്നു. 31.03.2013 -ൽ പൂർത്തിയാക്കുവാൻ കഴിയും.<br>2. വെച്ചൂച്ചിറ പോളിടെക്നിക്കിലെ ഹോസ്റ്റൽ ബിൽഡിംഗിന്റെ മെൻസ് ഹോസ്റ്റലിന്റെ ഫൗണ്ടേഷൻ എർത്ത് വർക്ക് പൂർത്തിയായി. ലേഡീസ് ഹോസ്റ്റലിന്റെ ഫൗണ്ടേഷൻ എർത്ത് വർക്ക് കഴിഞ്ഞ് ഫൗണ്ടേഷൻ വർക്ക് 31.12.2013 -ൽ പൂർത്തിയാക്കുവാൻ കഴിയും. |

3. വെച്ചൂച്ചിറ പോളി ടെക്നിക്കിലെ മുഖ്യ കെട്ടിടത്തിന്റെ നിർമ്മാണം ഗ്രൗണ്ട് ഫ്ളോർ സ്ലാബിന്റെ 1/3 ഭാഗവും ഒന്നാം ഫ്ളോറിന്റെ 1/3 റൂഫ് സ്ലാബും കോൺക്രീറ്റ് ചെയ്തുകഴിഞ്ഞു. തുടർന്നുള്ള സെക്കന്റ് ഫ്ളോറിന്റെ കോളം വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നു. 31/12/2013 -ൽ പൂർത്തീകരിക്കുവാൻ കഴിയും.

4. റാന്നി മിനി സിവിൽ സ്റ്റേഷന്റെ ബ്ലോക്ക് 1-ന്റെ പണികൾ തുടങ്ങിയിട്ടില്ല. ബ്ലോക്ക് 2-ന്റെ സ്ട്രക്ചർ പൂർത്തിയായി. ഫിനിഷിംഗ് വർക്കുകൾ പുരോഗമിക്കുന്നു. 31-12-2013-ൽ പണികൾ പൂർത്തിയാകുന്നതാണ്.

5. റാന്നി സബ്ട്രഷറിയുടെ നിർമ്മാണ പ്രവർത്തികൾ, ഫിനിഷിംഗ് വർക്കുകൾ പുരോഗമിക്കുന്നു. 31-03-2013-ൽ പണികൾ പൂർത്തിയാകുന്നതാണ്.

6. റാന്നി ഇട്ടിഷാറ പിൽഗ്രിം സെന്ററിന്റെ 12 നിലകളുള്ള കെട്ടിടത്തിന്റെ പകുതി ഭാഗത്തിന് മാത്രമാണ് ജോലി ക്രമീകരിച്ചിരുന്നത്. പ്രസ്തുത സ്ഥലത്ത് മണ്ണിട്ട് ഉയർത്തുന്നതിനുള്ള പ്രൊവിഷൻ എസ്റ്റിമേറ്റിൽ ഇല്ലാത്തതിനാൽ പ്രസ്തുത പ്രൊവിഷൻകൂടി ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു.

<u>നിരത്തുകളും പാലങ്ങളും</u>

ചേത്തയ്ക്കൽ-കൂത്താട്ടുകുളം റോഡ് പുനരുദ്ധാരണവും, റാന്നി ബൈപ്പാസ് (ഒന്നാംഘട്ടം) പുനരുദ്ധാരണവും - 28.02.2013 ൽ പൂർത്തിയാകുന്നതാണ്.

മണ്ണാറക്കുളഞ്ഞി -പ്ലാപ്പള്ളി റോഡ്, പ്ലാപ്പള്ളി-ചാലക്കയം റോഡ് കണമല-ഇലവുങ്കൽ റോഡ് എന്നിവയുടെ അഭിവൃദ്ധിപ്പെടുത്തലും, പമ്പാ നദിക്കു കുറുകെ കണമല പാലത്തിന്റെ നിർമ്മാണവും തുടങ്ങിക്കഴിഞ്ഞു.

സെക്ഷൻ ഓഫീസർ